**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2740** **06-10-2025 - ൽ മറുപടിയ്ക്ക്**

**വൈദ്യുത അപകടങ്ങൾ ഒഴിവാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. മഞ്ഞളാംകുഴി അലി ,<br>ഡോ. എം. കെ. മുനീർ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വൈദ്യുത അപകടങ്ങൾ വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാര്യം പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | 2025-ൽ കെ.എസ്.ഇ.ബി.എൽ-ന്റെ പ്രതിഷ്ഠാപനങ്ങളിൽ നിന്നുള്ള അപകടങ്ങളിൽ നേരിയ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കഴിഞ്ഞ ഏതാനും വർഷങ്ങൾക്കിടയിൽ നേരിടേണ്ടിവന്നിട്ടില്ലാത്ത തരത്തിലുള്ള അതിശക്തമായ കാറ്റും, കനത്ത മഴയും കാരണം മിക്ക ഇടങ്ങളിലും ദൂരെ നിന്നിരുന്ന വലിയ മരങ്ങളും തെങ്ങുകൾ പോലും വൈദ്യുതി ലൈനുകൾക്കു മേൽ പതിച്ചു വൈദ്യുതി പ്രതിഷ്ഠാപനങ്ങൾക്കു വളരെയധികം കേടുപാടുകൾ വരുത്തുകയുണ്ടായി. അതിന്റെ ഫലമായാണ് പലയിടങ്ങളിലും വൈദ്യുത കമ്പികൾ പൊട്ടി വീഴുന്ന അവസ്ഥയുണ്ടായത്. കെ.എസ്.ഇ.ബി-യുടെ നിയന്ത്രണങ്ങൾക്കതീതമായ കാരണങ്ങളാലാണ് അപകടങ്ങൾ വർദ്ധിച്ചത്. പൊതുജനങ്ങൾക്കുണ്ടാകുന്ന വൈദ്യുത അപകടങ്ങളിൽ ഭൂരിഭാഗവും ഉപഭോക്താക്കളുടെ പരിസരത്ത് നടക്കുന്നവയും, തോട്ടി, ഏണി മുതലായവ വൈദ്യുതി ലൈനിൽ തട്ടി സംഭവിക്കുന്നവയുമാണ്. പൊതു ജനങ്ങൾക്ക് സുരക്ഷാ അവബോധം നൽകാനുള്ള ക്ലാസുകൾ വിവിധ തലത്തിൽ കെ.എസ്.ഇ.ബി.എൽ നടത്തുന്നുണ്ട്. സുരക്ഷയ്ക്കു പ്രാധാന്യം നൽകി സൺറൈസ് മീറ്റിംഗ് സെക്ഷൻ തലത്തിൽ നടത്തുകയും ഫീൽഡ് ജീവനക്കാർ സുരക്ഷാ പ്രതിജ്ഞ എടുക്കുകയും ചെയ്യുന്നു.<br><br>സുരക്ഷാ നയം എല്ലാ ജീവനക്കാരിലേയ്ക്കും എത്തിക്കുന്നതിനായി ജീവനക്കാർക്ക് വേണ്ടി സുരക്ഷാ നയവുമായി ബന്ധപ്പെട്ട പരിശീലന ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. സുരക്ഷാ കാര്യങ്ങൾ കാര്യക്ഷമമായി നടക്കുന്നുവെന്നു ഉറപ്പു വരുത്താൻ ചീഫ് സേഫ്റ്റി |

| | | | |
|---|---|---|---|
| | | | കമ്മീഷണറുടെ കീഴിൽ സേഫ്റ്റി വിങ്ങ് പ്രവർത്തിച്ചു വരുന്നു. ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ, ചീഫ് സേഫ്റ്റി ഓഫീസർ, സേഫ്റ്റി ഓഫീസർ എന്നീ തലങ്ങളിൽ പ്രവർത്തി ഇടങ്ങളിൽ സുരക്ഷ പരിശോധന നടത്തി വരുന്നു. |
| (ബി) | അനധികൃതമായി സ്ഥാപിക്കുന്ന വൈദ്യുത വേലികളിൽ നിന്ന് ഷോക്കേറ്റ് ഉണ്ടാകുന്ന മരണം തടയാൻ വൈദ്യുത ബോർഡ് ഉദ്യോഗസ്ഥർ നിരീക്ഷണം നടത്താറുണ്ടോ; | (ബി) | നടത്താറുണ്ട്. സെക്ഷൻ സ്ക്വാഡ്, ഡിവിഷൻ സ്ക്വാഡ് കൂടാതെ ഓരോ ജില്ലയിലുമുള്ള APTS-ഉം അനധികൃതമായി സ്ഥാപിക്കുന്ന പ്രതിഷ്ഠാപനങ്ങൾ തടയുന്നതിനായി നിരീക്ഷണം നടത്താറുണ്ട്. ഇതു കൂടാതെ സെക്ഷൻ ഓഫീസ് മുഖേന നടത്തുന്ന പതിവ് ലൈൻ പട്രോളിങ്ങിലും ഇത്തരം അപാകതകൾ നിരീക്ഷിച്ചു വേണ്ട നടപടികൾ എടുക്കാറുണ്ട്. |
| (സി) | വൈദ്യുത വേലികൾ സ്ഥാപിക്കുമ്പോൾ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | വൈദ്യുത വേലികൾ സ്ഥാപിക്കുമ്പോൾ ആയത് സുരക്ഷിതമാണെന്ന് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിൽ നിന്നും പരിശോധന നടത്തി അംഗീകാരം ലഭ്യമാക്കേണ്ടതുണ്ട്. എന്നാൽ നിലവിൽ ഇത്തരത്തിൽ അംഗീകാരമില്ലാതെയാണ് മിക്ക വൈദ്യുത വേലികളും സ്ഥാപിക്കുന്നത്. ആയതിനാൽ പ്രസ്തുത വിഷയം ബോധവൽക്കരണം വഴി ജനങ്ങളിൽ എത്തിക്കേണ്ടതുണ്ട്. ആയതിലേയ്ക്കായി ഫോറസ്റ്റ് വകുപ്പ്, കൃഷി വകുപ്പ്, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ് ചേർന്ന് പ്രവർത്തിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ജനജാഗ്രത സമിതി രൂപീകരിച്ച് തുടർ നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ